പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6908 10.7.2014 ന് മറുപടിക്ക്

ഫാക്ടറി തൊഴിലാളികളുടെ വേരിയബിൾ ക്ഷാമബത്ത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുരളീധരൻ | ശ്രീ.ഷിബു ബേബി ജോൺ (ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആകെ എത്ര കമ്പനി, ഫാക്ടറി തൊഴിലാളികളുണ്ട് ; | എ) 6,45,013 |
| ബി) ഇവർക്ക് ഇപ്പോൾ നൽകുന്ന വേരിയബിൾ ക്ഷാമബത്ത ഏതു വർഷം അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത് ; | ബി) 1998-99 വർഷം അടിസ്ഥാനമാക്കിയാണ്. |
| സി) വേരിയബിൾ ക്ഷാമബത്ത 2010-11 വർഷം അടിസ്ഥാനമാക്കി പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ ; ഡി) പ്രസ്തുത നടപടികൾ പൂർത്തിയാക്കി തൊഴിലാളികൾക്ക് പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത എന്ന് ലഭ്യമാകും? | (സി)യും (ഡി)യും - കാർഷിക വ്യവസായിക തൊഴിലാളികളുടെ വേരിയബിൾ ക്ഷാമബത്ത നിർണ്ണയിക്കുന്നതിന് 2011-12 അടിസ്ഥാന വർഷമായി സ്വീകരിച്ചുകൊണ്ട് ഉപഭോക്തൃവില സൂചിക തയ്യാറാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തി റിപ്പോർട്ട് നൽകുന്നതിന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിനെ ചുമതലപ്പെടുത്തുകയും വകുപ്പ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ